**August: 16**

# ജോയിന്റ് ഫോറം ബുള്ളറ്റിൻ 11

സഖാക്കളെ,

## വിഷയം: അനുരഞ്ജന ചർച്ച

ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ന് മാനേജ്മെന്റ് അനുരഞ്ജന യോഗം വിളിച്ചു ചേർത്തിരുന്നു. പ്രക്ഷോഭം അവസാനിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള യാതൊന്നും തന്നെ മുന്നോട്ടുവെക്കാൻ മനോജ്മെന്റിന് ആയിട്ടില്ല. ഇപ്പോഴും മാനേജ്മെന്റ് നിസ്സഹായ അവസ്ഥയിൽ തുടരുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ഓഗസ്റ്റ് 24 ന് ബോർഡ് മീറ്റിംഗ് നടക്കുന്നുണ്ട്. ആ ബോർഡ് മീറ്റിങ്ങിൽ നമ്മുടെ ആവശ്യങ്ങൾ അവതരിപ്പിച്ച് അംഗീകരിപ്പിക്കണമെന്നും നാം ആവശ്യപ്പെട്ടു. ബോർഡ് മീറ്റിങ്ങിൽ കാര്യം അവതരിപ്പിക്കാം എന്ന് ചെയർമാൻ ഉറപ്പു നൽകിയിട്ടുണ്ട്. എന്നാൽ ആവശ്യങ്ങൾ അംഗീകരിക്കപ്പെടും എന്ന യാതൊരുതരത്തിലുള്ള ഉറപ്പും നൽകാൻ ചെയർമാൻ തയ്യാറായിട്ടില്ല. അനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന് ഉറപ്പ് ലഭിക്കുന്നതിനു വേണ്ടി സംഘടനാ പ്രതിനിധികൾ ബോർഡ് മെമ്പർമാരെ നേരിട്ടു കണ്ട് കാര്യങ്ങൾ ധരിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. വൈകിട്ട് 4 മണിക്ക് ആരംഭിച്ച ചർച്ച രാത്രി 8:30 വരെ നീണ്ടു നിന്നു. അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകുന്നതുവരെ ശക്തമായ സമരത്തിലൂടെ നാം മുന്നോട്ടു തന്നെ പോകും. മറ്റു കാര്യങ്ങൾ വഴിയെ അറിയിക്കും.

ജനറൽ സെക്രട്ടറി
KGBEU OU
KGBSA OC
KGBEA OA